**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**21/08/2017-ൽ മറുപടിയ്ക്ക്**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 3062**

## ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>,, വി.ടി.ബൽറാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടത്തിയ ഏജൻസി ഏതാണെന്നും ഇത്തരം സർവേ നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യവും പ്രസ്തുത ഏജൻസിക്ക് ഉണ്ടോ എന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ആണ് സർവ്വേ നടത്തിയത്. ഏറ്റെടുത്ത പദ്ധതികൾ വിജയപ്രദമാക്കിയ ഒരു മിഷനാണ് കുടുംബശ്രീ. ആയതിന്റെ അടിസ്ഥാനത്തിലാണ് ടി ദൗത്യം പ്രസ്തുത ഏജൻസിയ്ക്ക് നൽകിയിട്ടുള്ളത്. |
| (ബി) | ഈ സർവ്വേ പ്രകാരം തയ്യാറാക്കിയ പട്ടികയിൽ അർഹരായവർ ഒഴിവാക്കപ്പെടുകയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇത്തരം ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | അർഹരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ഗുണഭോക്തൃപട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**